2. ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന ഭൂജലവികസന പദ്ധതികൾക്ക് സ്ഥാനനിർണ്ണയം, ഡിസൈൻ, നിർമ്മാണം എന്നിങ്ങനെ എല്ലാ ഘട്ടത്തിലും പൂർണ്ണമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. കൂടാതെ ഈ സ്ഥാപനങ്ങൾ വകുപ്പിനെ ഏൽപ്പിക്കുന്ന ഇത്തരം പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുകയും ചെയ്യുന്നു.

3. സംസ്ഥാനത്ത് ഭൂജല വിനിയോഗം (നിയന്ത്രണവും ക്രമീകരണവും) സംബന്ധിച്ച് ഒരു നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ ബില്ലിന്റെ കരടുരൂപം ആയിട്ടുണ്ട്. അസംതുലിതവും അശാസ്ത്രീയവുമായ ഭൂജല വികസനവും ഉപയോഗവും നിയന്ത്രിക്കുകയും ലഭ്യമായ സ്രോതസ്സ് ശാസ്ത്രീയമായി എല്ലാ കാലത്തും ഉപയോഗപ്പെടത്തക്കരീതിയിൽ വികസിപ്പിച്ചു പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം.

4. ചെറുകിട ഇടത്തരം കൃഷിക്കാർക്ക് കാർഷികാവശ്യങ്ങൾക്കായി, ബാങ്കു വായ്പയുടെ സഹായത്തോടെ നിർമ്മിക്കുന്ന കിണറുകൾക്ക് സ്ഥാന നിർണ്ണയം നടത്തുകയും പ്രസ്തുത കിണറുകൾ പരാജയപ്പെട്ടാൽ നഷ്ട പരിഹാരം നൽകുകയും ചെയ്യുന്നു.

5. എല്ലാവിഭാഗം ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ശാസ്ത്രീയമായി ഭൂജലം കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമാവശ്യമായ സാങ്കേതിക സഹായം നൽകുന്നു.

6. ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ, ആധുനിക സംവിധാനങ്ങളോടെ ഭൂജല സമ്പത്തിന്റെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡേറ്റാ ബാങ്ക് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. ഡ്രില്ലിംഗിനാവശ്യമായ പുതിയ റിഗ്ഗുകൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ)&(എഫ്) ഉണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം തന്നെ 9-ാം പദ്ധതിക്കാലത്തു തുടരുന്നതാണ്. ഇതിനും പുറമേ ഡ്രില്ലിംഗ് യന്ത്രങ്ങൾ നവീകരിച്ചു. ഡ്രില്ലിംഗ് വേഗതയേറിയതും കാര്യക്ഷമതയേറിയതും ആക്കുന്നതിനു ഉദ്ദേശിക്കുന്നു. 9-ാം പദ്ധതിയിൽ ഭൂജല പദ്ധതികൾക്കായി 110 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ 2500 കുഴൽ കിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്.

11 (*464) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ സഹായം

ശ്രീ. പി. രാഘവൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ സഹായം നൽകിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ സഹായം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ആശ്വാസ സഹായപദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ എപ്രകാരം വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആശ്വാസ സഹായം നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷമായി ഓരോ വർഷവും ആശ്വാസ വേതനം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97 - 12,21,625/- രൂപ 9773 പേർക്ക് 125/- രൂപ നിരക്കിൽ

1997-98 - 13,40,550/- രൂപ 8937 പേർക്ക് 150/-രൂപ നിരക്കിൽ

1998-99 - 10,63,800/- രൂപ 7092 പേർക്ക് 150/-രൂപനിരക്കിൽ

(സി) ഉണ്ട്.

(ഡി) 1. കശുവണ്ടി ഫാക്ടറി പൂട്ടിയിട്ട് ഒരു വർഷമെങ്കിലും ആയിരിക്കണം.

2. പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികൾക്ക് പി.എഫ്. കാർഡോ ഐഡന്റിറ്റി കാർഡോ ഉണ്ടായിരിക്കണം.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

12 (*465) എംപ്ലോയ്മെന്റ് യൂത്ത് അഡ്വൈസറി കമ്മിറ്റികൾ

ശ്രീ. പി.ജെ. ജോയി :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ എംപ്ലോയ്മെന്റ് യൂത്ത് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചു;

(സി) ഇത്തരം കമ്മിറ്റിയുടെ ഘടനയെന്താണ്;

(ഡി) ഈ കമ്മിറ്റികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly